# 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിലെ 01-03-2020 മുതൽ 19-09-2021 വരെയുള്ള ഭേദഗതി ഉത്തരവുകൾ

## (Amendment orders in Stores Purchase Manual, 2013 from 01-03-2020 to 19-09-2021)

തയ്യാറാക്കിയത്

സി.എസ്.സന്തോഷ്

***മാറ്റങ്ങൾ ഒറ്റ നോട്ടത്തിൽ ……….***

- *മാന്വലിൽ ഖണ്ഡിക 19.14 കൂട്ടിച്ചേർത്തു. GeM മുഖേനയുള്ള വാങ്ങലുകൾക്ക് വകുപ്പു തലവന്മാർക്ക് സമ്പൂർണ്ണ അധികാരം നൽകി. ഡി.പി.സി ആവശ്യമില്ല.*
- *മാന്വലിൽ നിന്നും ഖണ്ഡിക 19.8 ഒഴിവാക്കി. ഒരു കോടി രൂപയിൽ അധികരിച്ചുള്ള GeM മുഖേനയുള്ള വാങ്ങലുകൾക്ക് സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ അനുമതി ആവശ്യമാണെന്ന വ്യവസ്ഥ ഒഴിവാക്കി.*
- *മാന്വലിൽ ഖണ്ഡിക 7.19(എ) കൂട്ടിച്ചേർത്തു. 200 കോടി രൂപ വരെയുള്ള വാങ്ങലുകൾക്ക് ഗ്ലോബൽ ടെണ്ടർ എൻക്വയറി ക്ഷണിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി.*
- *മാന്വലിൽ ഖണ്ഡിക 7.19(ബി) കൂട്ടിച്ചേർത്തു. അയൽ രാജ്യങ്ങളിലെ ബിഡർമാർക്ക് നിയന്ത്രണം ഏർപ്പെടുത്തി. ഇന്ത്യയുമായി കര അതിർത്തി പങ്കിടുന്ന രാജ്യങ്ങളിലെ ബിഡർമാർ ക്ഷമതയുള്ള അധികാരി മുമ്പാകെ രജിസ്റ്റർ ചെയ്താൽ മാത്രമേ ബിഡുകളിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ.*
- *ഖണ്ഡിക 8.27 ഭേദഗതി ചെയ്തു. ഉദ്യോഗ് ആധാർ രജിസ്ട്രേഷൻ (ഉദ്യം രജിസ്ട്രേഷൻ) ഉള്ള പ്രാദേശിക എം.എസ്.എം.ഇ കളെ ടെണ്ടർ ഫീ, ഇ.എം.ഡി, പെർഫോമൻസ് സെക്യൂരിറ്റി എന്നിവയിൽ നിന്നും ഒഴിവാക്കി.*
- *ഖണ്ഡിക 8.9 ഭേദഗതി ചെയ്തു. സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങൾക്കും പ്രാദേശിക എം.എസ്.എം.ഇ കൾക്കും 15% വരെ പ്രൈസ് പ്രിഫറൻസും പർച്ചേസ് പ്രിഫറൻസും ലഭിക്കുന്നതിന് അർഹതയുണ്ട്*
- *ഖണ്ഡിക 8.9 നു താഴെയുള്ള a, b, c, d എന്നീ ഖണ്ഡങ്ങൾ ഒഴിവാക്കി.*
- *വാങ്ങൽ നടത്തുന്ന സ്ഥാപനങ്ങൾ എം.എസ്.എം.ഇ കൾക്ക് 20% സംവരണം ഏർപ്പെടുത്തണം എന്ന വ്യവസ്ഥ ഒഴിവാക്കി.*

- *ഖണ്ഡിക 8.9 നു താഴെയുള്ള ഖണ്ഡം e യിൽ ഭേദഗതി വരുത്തി. സുതാര്യത ഉറപ്പാക്കുവാൻ ഇ-പ്രൊക്യുർമെന്റ് രീതി അവലംബിക്കേണ്ടതാണ്.*
- *ഖണ്ഡിക 8.9 നു താഴെയുള്ള ഖണ്ഡം f യിൽ ഭേദഗതി വരുത്തി. 'സ്റ്റോർസ് പർച്ചേസ് വകുപ്പിൽ രജിസ്റ്റർ ചെയ്ത എം.എസ്.എം.ഇ' എന്നത് ഒഴിവാക്കി. (ജി.ഒ(പി)നം.02/2019/എസ്.പി.ഡി തിയതി 24-01-2019 പ്രകാരം എ.എസ്.എം.ഇ കളെ രജിസ്റ്റർ ചെയ്യുന്നത് സ്റ്റോർസ് പർച്ചേസ് വകുപ്പ് നിർത്തലാക്കിയിട്ടുണ്ട്).*

*ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ഔദ്യോഗിക കുറിപ്പുകൾ അല്ലാത്തതിനാൽ അസ്സൽ ഉത്തരവുകൾ പരിശോധിച്ച് കൃത്യത ഉറപ്പാക്കേണ്ടതാണ്. ഭേദഗതികൾക്കനുസൃതമായി തീരുമാനങ്ങൾ കൈക്കൊള്ളുവാൻ ശ്രദ്ധിക്കേണ്ടതാണ്.*

ഉത്തരവുകളുടെ പൂർണ്ണരൂപം തുടർന്നുള്ള ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## സ്റ്റോർസ് പർച്ചേസ് മാന്വലിലെ 01-03-2020 മുതൽ 19-09-2021 വരെയുള്ള ഭേദഗതി ഉത്തരവുകൾ

01-03-2020 മുതൽ 19-09-2021 വരെയുള്ള കാലയളവിൽ 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിലെ വിവിധ ഖണ്ഡികകളിൽ വിവിധ ഉത്തരവുകൾ പ്രകാരം വരുത്തിയ ഭേദഗതികളും പുതിയതായി കൂട്ടിച്ചേർത്ത ഖണ്ഡികകളും താഴെ ചേർക്കുന്നു.

## 1. GeM മുഖേനയുള്ള വാങ്ങൽ - വിവിധ ഖണ്ഡികകളിൽ ഭേദഗതി വരുത്തി

വകുപ്പു തലവന്മാരുടേയും വകുപ്പുതല പർച്ചേസ് കമ്മിറ്റിയുടേയും നിലവിലുള്ള വാങ്ങൽ അധികാരം പുന:പരിശോധിക്കുന്നതിനുള്ള നിർദ്ദേശങ്ങളും വിവിധ വകുപ്പുകളുടെ ജെം മുഖേനയുള്ള വാങ്ങലുകളുടെ നിലവിലെ സ്ഥിതിയും പരിശോധിച്ചതിനുശേഷം സർക്കാർ സ്റ്റോർസ് പർച്ചേസ് മാന്വലിൽ ഖ.9.14 കൂട്ടിച്ചേർത്തു.

### എ) ജെം മുഖേനയുള്ള വാങ്ങൽ - വകുപ്പു തലവന് സമ്പൂർണ്ണമായ അധികാരം നൽകി

- **സ.ഉ(പി)നം.1/2020/എസ്.പി.ഡി തിയതി 03-03-2020 & സ.ഉ(പി)നം.1/ 2021/ എസ്.പി.ഡി തിയതി 09-03-2021**

### ഖ.19.14 (പുതിയ ഖണ്ഡിക)

ധനകാര്യ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സാമ്പത്തികാധികാര പരിധിക്കു വിധേയമായി സ്പെസിഫിക്കേഷനുകൾ, എന്തെങ്കിലും ഉണ്ടെങ്കിൽ, സാങ്കേതിക സമിതി ആയത് ക്ലിയർ ചെയ്താൽ, GeM മുഖേനയുള്ള വാങ്ങലിനായി വകുപ്പു തലവന് പൂർണ്ണമായ ചുമതല നൽകുന്നു. GeM മുഖേനയുള്ള വാങ്ങലിന് സർക്കാർ തലത്തിലുള്ള വകുപ്പുതല പർച്ചേസ് കമ്മിറ്റി (Departmental Purchase Committee) ആവശ്യമില്ല.

## ബി) ഒരു കോടിയിൽ അധികമുള്ള ജെം മുഖേനയുള്ള വാങ്ങൽ – മാന്വലിൽ നിന്നും ഖ. 19.8 ഒഴിവാക്കി

- **സ.ഉ(പി)നം.1/2021/എസ്.പി.ഡി തിയതി 09-03-2021**

ഒരു കോടിയിൽ അധികമുള്ള വാങ്ങലുകൾക്ക് സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ അനുവാദം വാങ്ങേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരുന്ന ഖ.19.8 സ്റ്റോർസ് പർച്ചേസ് മാന്വലിൽ നിന്നും ഒഴിവാക്കി.

## 2. ഗ്ലോബൽ ടെണ്ടർ എൻക്വയറിക്കും അയൽ രാജ്യങ്ങളിലെ ബിഡർമാർക്കും നിയന്ത്രണം ഏർപ്പെടുത്തി

- **സ.ഉ(പി)നം.02/ 2021/ എസ്.പി.ഡി തിയതി 17-03-2021**

ഗ്ലോബൽ ടെണ്ടർ എൻക്വയറിയും ഏതാനും രാജ്യങ്ങളിലെ വിതരണക്കാരിൽ നിന്നുള്ള പൊതു സമാഹരണം നിയന്ത്രിക്കുന്നതിനുമായി 2017 ലെ ജനറൽ ഫിനാൻഷ്യൽ റൂൾസിലെ ചട്ടം 144, 161 എന്നിവയിൽ കേന്ദ്ര സർക്കാർ മാറ്റങ്ങൾ വരുത്തിയതിനെത്തുടർന്ന് 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖ. 7.19 (ഗ്ലോബൽ ടെണ്ടർ എൻക്വയറി) നു കീഴിൽ താഴെ പറയുന്ന ഉപ ഖണ്ഡികകൾ കൂട്ടിച്ചേർത്തിട്ടുണ്ട്.

### എ) ഗ്ലോബൽ ടെണ്ടർ എൻക്വയറിക്ക് നിയന്ത്രണം ഏർപ്പെടുത്തി

### ഖ.7.19(എ) (കൂട്ടിച്ചേർത്തത്)

200 കോടി രൂപ വരെയുള്ള ടെണ്ടറുകൾക്ക് ഗ്ലോബൽ ടെണ്ടർ എൻക്വയറി ക്ഷണിക്കുവാൻ പാടുള്ളതല്ല. അസാധാരണ സാഹചര്യത്തിൽ, ഗ്ലോബൽ ടെണ്ടർ എൻക്വയറി ക്ഷണിക്കുന്നതിന് പ്രത്യേക കാരണങ്ങളുണ്ടെന്ന് മന്ത്രാലയമോ, വകുപ്പോ കരുതുന്നുണ്ടെങ്കിൽ ആയതിനുള്ള വിശദമായ ന്യായീകരണം രേഖപ്പെടുത്താവുന്നതും Department of Expenditure, Ministry of Finance, Government of India വ്യക്തമാക്കുന്ന ക്ഷമതയുള്ള

അധികാരിയിൽ നിന്നും മേൽ ചട്ടത്തിൽ ഇളവു ലഭിക്കുന്നതിനായി മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതുമാണ്.

General Financial Rules, 2017 ലെ ചട്ടം 161(iv) ൽ വ്യക്തമാക്കിയിട്ടുള്ള പുതുക്കിയ വ്യവസ്ഥകൾ പ്രകാരമുള്ള നിയന്ത്രണങ്ങൾ എല്ലാ സമാഹരണങ്ങൾക്കും ഉടൻ പ്രാബല്യമുണ്ടാകുന്നതാണ്. ie., പത്രങ്ങളിലോ, വെബ്സൈറ്റുകളിലോ 15-05-2020 നുശേഷം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള എല്ലാ ടെണ്ടറുകൾക്കും.

## ബി) അയൽ രാജ്യങ്ങളിലെ ബിഡർമാർക്ക് നിയന്ത്രണം ഏർപ്പെടുത്തി

### ഖ.7.19(ബി) (കൂട്ടിച്ചേർത്തത്)

ദേശ സുരക്ഷ ഉൾപ്പെടെയുള്ള ഇന്ത്യയുടെ പ്രതിരോധമോ അതുമായി നേരിട്ടോ അല്ലാതെയോ ഉള്ള കാരണങ്ങളാൽ ഇന്ത്യയുമായി കര അതിർത്തി (land border) പങ്കിടുന്ന രാജ്യങ്ങളിലെ വിതരണക്കാർക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. ഇന്ത്യയുമായി അതിർത്തി പങ്കിടുന്ന അത്തരം രാജ്യങ്ങളിലെ, ഏതെങ്കിലും വിതരണക്കാരന് (bidder), ക്ഷമതയുള്ള അധികാരി മുമ്പാകെ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ മാത്രമേ സാധനങ്ങളുടെ സമാഹരണത്തിനുള്ള ബിഡുകളിലും ടേൺ കീ കരാറുകളിലും (ഖ. 18.3 ലെ വ്യവസ്ഥകൾക്കു വിധേയമായി) പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. സംസ്ഥാന സർക്കാരിന്റെ സമാഹരണത്തിന് ക്ഷമതയുള്ള അധികാര സ്ഥാനത്തെ സംസ്ഥാനം രൂപീകരിക്കുന്നതാണ്. എന്നാൽ, യഥാക്രമം Ministry of External, Ministry of Home Affairs എന്നിവിടങ്ങളിൽ നിന്നുള്ള രാഷ്ട്രീയ, സുരക്ഷാ അനുമതികൾ ആവശ്യമാണ്. വികസനാവശ്യത്തിനായി ഇന്ത്യ സാമ്പത്തിക സഹായം നൽകുന്നതോ (lines of credit), സഹായം നൽകുന്നതോ ആയ രാജ്യങ്ങളെ മുൻകൂർ രജിസ്ട്രേഷനിൽ നിന്നും സർക്കാർ ഒഴിവാക്കിയിട്ടുണ്ട്.

## 3. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾക്കുള്ള (MSME) വിവിധ പർച്ചേസ് ആനുകൂല്യങ്ങൾ

കേരളത്തിലെ സർക്കാർ വകുപ്പുകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, മുതലായവയ്ക്ക് ആവശ്യമായ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുന്ന 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങൾക്കും സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും വിവിധ ഇളവുകളും പ്രൈസ് പ്രഫറൻസും പർച്ചേസ് പ്രിഫറൻസും അനുവദിക്കപ്പെട്ടിട്ടുണ്ട്. എം.എസ്.എം.ഇ കൾക്ക് വിവിധ പർച്ചേസ് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി വരുത്തിയിട്ടുള്ള ഭേദഗതി ഉത്തരവുകൾ താഴെ ചേർക്കുന്നു.

### എ) എം.എസ്.എം.ഇ കളെ ടെണ്ടർ ഫീ, ഇ.എം.ഡി, പെർഫോമൻസ് സെക്യൂരിറ്റി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കി

- സ.ഉ(പി)നം.03/2021/എസ്.പി.ഡി തിയതി 22-03-2021

സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖ. 8.27 ലെ വ്യവസ്ഥകളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

**ഖ. 8.27 (പുതുക്കിയ ഖണ്ഡിക)**

ഉദ്യോഗ് ആധാർ രജിസ്ട്രേഷൻ ഉള്ള എല്ലാ എം.എസ്.എം.ഇ കളേയും അല്ലെങ്കിൽ എം.എംസ്.എം.ഇ മന്ത്രാലയം സൂചിപ്പിക്കുന്ന കേരള സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്ന മറ്റേതെങ്കിലും സ്ഥാപനത്തിനേയും ടെണ്ടർ ഫീ, ഇ.എം.ഡി, പെർഫോമൻസ് സെക്യൂരിറ്റി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതാണ്.

| |
|---|
| ***കുറിപ്പ്:*** *ഉദ്യോഗ് ആധാർ മെമ്മോറാണ്ടം എന്നത് നിലവിൽ ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നാണ് അറിയപ്പെടുന്നത്. ഉദ്യോഗ് ആധാർ മെമ്മോറാണ്ടത്തിന് 31-12-2021 വരെ കേന്ദ്ര സർക്കാർ സാധുത നൽകിയിട്ടുണ്ട്.* |

## ബി) പ്രൊക്യൂർമെന്റ് പ്രിഫറൻസ് പോളിസിയും എം.എസ്.എം.ഇ യും

രാജ്യത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങളുടെ പ്രോൽസാഹനത്തിനും വളർച്ചയ്ക്കും വേണ്ടി മൈക്രോ, സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ആക്റ്റ്, 2006 (കേന്ദ്ര ആക്റ്റ്) ലെ വകുപ്പ് 11 പ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് സാധനങ്ങളുടേയും സേവനങ്ങളുടേയും സമാഹരണത്തിനുള്ള പ്രൊക്യൂർമെന്റ് പ്രിഫറൻസ് പോളിസി കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്യാവുന്നതാണ്. ആയതനുസരിച്ച് സംസ്ഥാനത്തെ എം.എസ്.എം.ഇ കൾക്കും സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങൾക്കുമുള്ള പ്രൈസ് പ്രിഫറൻസും പർച്ചേസ് പ്രിഫറൻസും നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും സ്റ്റോർസ് പർച്ചേസ് മാന്വലിൽ ആവശ്യമായ ഖ. 8.9 ൽ ഭേദഗതികൾ വരുത്തുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**ജി.ഒ(ആർടി)നം.5382/2020/ഫിൻ തിയതി 18-09-2020** പ്രകാരം സംസ്ഥാനത്തിനകത്തെ എം.എസ്.എം.ഇ കൾക്കും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്കുമുള്ള പുതുക്കിയ പ്രൈസ് & പർച്ചേസ് പ്രിഫറൻസ് പോളിസി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് **സ.ഉ(പി)നം.04/2021/എസ്.പി.ഡി തിയതി 31-03-2021** പ്രകാരം സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖ. 8.9 ലെ വ്യവസ്ഥകളിലും ഭേദഗതി വരുത്തിയിട്ടുണ്ട്.

## സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങൾക്കും പ്രാദേശിക എം.എസ്.എം.ഇ കൾക്കുമുള്ള പ്രൈസ് പ്രിഫറൻസും പർച്ചേസ് പ്രിഫറൻസും - പുതുക്കിയ മാനദണ്ഡങ്ങൾ

- **സ.ഉ(പി)നം.04/2021/എസ്.പി.ഡി തിയതി 31-03-2021**

## സ്റ്റോർസ് പർച്ചേസ് മാന്വൽ ഖ. 8.9 (പുതുക്കിയ ഖണ്ഡിക)

ന്യൂഡെൽഹിയിലെ നാഷണൽ സ്മാൾ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എം.എസ്.എം.ഇ കൾക്ക് കോർപ്പറേഷൻ നൽകുന്ന യോഗ്യതാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഇ.എം.ഡി യിൽ നിന്നും ഇളവ് ലഭിക്കുന്നതാണ്. ഉദ്യോഗ് ആധാർ രജിസ്ട്രേഷൻ ഉള്ള എം.എസ്.എം.ഇ കൾക്കും ഇ.എം.ഡി യിൽ നിന്നും ഇളവ് ലഭിക്കുന്നതാണ്. റണ്ണിംഗ് കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ സാധനങ്ങൾ വാങ്ങുന്നതിന് ഈ ഒഴിവ് ബാധകമാകുന്നതല്ല. *(നിലവിൽ ഉദ്യോഗ് ആധാർ മെമ്മോറാണ്ടം എന്നത് ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നാണ് അറിയപ്പെടുന്നത്).*

**കുറിപ്പ്:** എം.എസ്.എം.ഇ കൾക്കായി ധനകാര്യ വകുപ്പും മറ്റു ഭരണ വകുപ്പുകളും പുറപ്പെടുവിക്കുന്ന പബ്ലിക് പ്രൊക്യുർമെന്റ് പോളിസി സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള എല്ലാ രജിസ്റ്റേർഡ് എം.എസ്.എം.ഇ കൾക്കും ബാധകമാകുന്നതാണ്.

*സർക്കാർ വകുപ്പുകളും മറ്റു സ്ഥാപനങ്ങളും അവരുടെ വാങ്ങലുകളുടെ വാർഷിക മൂല്യത്തിന്റെ കുറഞ്ഞത് 20% സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്ന എം.എസ്.എം.ഇ കളിൽ നിന്നും സമാഹരിക്കുന്നതിനായി സ്ഥാപനങ്ങൾ അവരുടെ വാർഷിക ലക്ഷ്യം നിശ്ചയിക്കേണ്ടതാണെന്ന സ.ഉ(പി) നം.07/2014/എസ്.പി.ഡി തിയതി 28-08-2014 പ്രകാരം ഉൾപ്പെടുത്തിയ വ്യവസ്ഥ ഒഴിവാക്കി പ്രൈസ് പ്രിഫറൻസും പർച്ചേസ് പ്രിഫറൻസും ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.*

## പൊതുമേഖലാ സ്ഥാപനങ്ങൾക്കും എം.എസ്.എം.ഇ കൾക്കുമുള്ള പ്രൈസ് പ്രിഫറൻസ്

## PRICE PREFERENCE TO PSUs AND MSMEs

സംസ്ഥാന സർക്കാർ വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും പൊതു സ്ഥാപനങ്ങളുടേയും എല്ലാ വാങ്ങലുകളിലും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്കും പ്രാദേശിക എം.എസ്. എം.ഇ കൾക്കും 15% വരെ പ്രൈസ് പ്രിഫറൻസ് ലഭിക്കുന്നതാണ്.

L1 ബിഡറുടെ 15% പരിധിക്കുള്ളിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും പ്രാദേശിക എം.എസ്.എം.ഇ കളും നിരക്ക് ക്വോട്ട് ചെയ്താൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക്/പ്രാദേശിക എം.എസ്.എം.ഇ കൾക്ക്, ഒറ്റയ്ക്കോ, കൂട്ടായോ, അതത് സംഗതിപോലെ, അവർ ക്വോട്ട് ചെയ്ത ഏറ്റവും കുറഞ്ഞ നിരക്കിൽ അളവിന്റെ 50% വരെ ഓർഡർ ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്. ഈ വിഭാഗത്തിൽ ഒന്നിലധികം സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ/പ്രാദേശിക എം.എസ്.എം.ഇ വേണ്ടർമാർ ഉണ്ടെങ്കിൽ അവർക്ക് ഈ 50% ഓർഡർ തുല്യ അനുപാതത്തിൽ ലഭിക്കുന്നതാണ്.

മാന്വലിലെ ഖ. 8.9 ലെ രണ്ടാമത്തെ കുറിപ്പിനു താഴെയുള്ള a, b, c, d എന്നീ ഖണ്ഡങ്ങൾ ഒഴിവാക്കിയിട്ടുണ്ട്.

### ഖ. 8.9 ലെ രണ്ടാമത്തെ കുറിപ്പിനു താഴെയുള്ള ഖണ്ഡം e

ബിസിനസ് ചെയ്യുന്നതിനുള്ള ഇടപാടുകളുടെ ചെലവ് കുറയ്ക്കുന്നതിനായി മൈക്രോ, സ്മാൾ വ്യവസായങ്ങൾക്ക് ടെണ്ടർ സെറ്റ് സൗജന്യമായി നൽകുന്നതും ഇ.എം.ഡി യിൽ നിന്നും ഒഴിവാക്കുന്നതുമാണ്. ടെണ്ടർ നടപടികളിലെ സുതാര്യത ഉറപ്പാക്കുന്നതിനായി ഇ-പ്രൊക്യൂർമെന്റ് അവലംബിക്കുന്നതാണ്.

## ഖ. 8.9 ലെ രണ്ടാമത്തെ കുറിപ്പിനു താഴെയുള്ള ഖണ്ഡം f

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്കും ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും/ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് സെന്ററുകളിലും/കയർ ബോർഡിലും/നാഷണൽ സ്മാൾ ഇൻഡസ്ട്രീസ് കോർപ്പറേഷനിലും/ഡയറക്ടറേറ്റ് ഓഫ് ഹാന്റി ക്രാഫ്റ്റ്സ് ആന്റ് ഹാന്റ്ലൂമിലും/ ഉദ്യോഗ് ആധാർ രജിസ്റ്റർ ചെയ്തിട്ടുള്ള സംസ്ഥാനത്തിനകത്തു പ്രവർത്തിക്കുന്ന പ്രാദേശിക എം.എസ്.എം.ഇ കൾക്കും അല്ലെങ്കിൽ എം.എംസ്.എം.ഇ മന്ത്രാലയം സൂചിപ്പിക്കുന്ന മറ്റേതെങ്കിലും സ്ഥാപനത്തിനും പ്രൈസ് പ്രിഫറൻസ് പോളിസി ബാധകമാക്കേണ്ടതാണ്. *(ജി.ഒ(പി)നം.02/2019/എസ്.പി.ഡി തിയതി 24-01-2019 പ്രകാരം എ.എസ്.എം.ഇ കളെ രജിസ്റ്റർ ചെയ്യുന്നത് സ്റ്റോർസ് പർച്ചേസ് വകുപ്പ് നിർത്തലാക്കിയിട്ടുണ്ട്).*

## പൊതുമേഖലാ സ്ഥാപനങ്ങൾക്കും എം.എസ്.എം.ഇ കൾക്കും വേണ്ടിയുള്ള പർച്ചേസ് പ്രിഫറൻസ്
## PURCHASE PREFERENCE FOR MSMEs AND PSUs

ഏതെങ്കിലും ടെണ്ടറിൽ, സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങളും പ്രാദേശിക എം.എസ്.എം.ഇ കളും L1+15% നിരക്ക് പരിധിക്കുള്ളിൽ നിരക്ക് കോട്ട് ചെയ്തിട്ടില്ലെങ്കിലും അവർക്ക് അവരുടെ നിരക്ക് L1 നിരക്കിലേക്ക് താഴ്ത്തിക്കൊണ്ടു വന്ന് ആകെ ഓർഡറിന്റെ 50% വരെ വിതരണം ചെയ്യുന്നതിനുള്ള അവസരം ലഭിക്കുന്നതിന് അർഹതയുണ്ട്. ഈ സാഹചര്യത്തിൽ, അത്തരമൊരു ക്ഷണം സ്വീകരിച്ചാൽ സംസ്ഥാന പൊതു മേഖലാ സ്ഥാപനത്തിനും പ്രാദേശിക എം.എസ്.എം.ഇ ക്കും ഒറ്റയ്ക്കോ, കൂട്ടായോ, അതത് സംഗതിപോലെ, ഓർഡർ നൽകുന്ന അളവിന്റെ 50% സപ്ലൈ ചെയ്യുന്നതിന് അനുമതി നൽകേണ്ടതാണ്. ഈ വിഭാഗത്തിൽ ഒന്നിലധികം സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ/പ്രാദേശിക എം.എസ്.എം.ഇ വേണ്ടർമാർ ഉണ്ടെങ്കിൽ അവർക്ക് ഈ 50% ഓർഡർ തുല്യ അനുപാതത്തിൽ നൽകേണ്ടതാണ്.

തയ്യാറാക്കിയത്

സി.എസ്.സന്തോഷ്, ഓഡിറ്റ് ഓഫീസർ,

കെ.എസ്.എ.ഡി

9447594110

## സ്വകാര്യ ആവശ്യത്തിനായി തയ്യാറാക്കിയ കുറിപ്പുകൾ

*(സ്റ്റോർസ് പർച്ചേസ് മാന്വൽ, 2013 ന്റെ കൈപ്പുസ്തകം അഞ്ചാം പതിപ്പിനോട് കൂട്ടിച്ചേർത്തു വായിക്കുന്നതിനായി തയ്യാറാക്കിയത്).*

പാലക്കാട്,

19-09-2021